ഭരണഭാഷ – മാതൃഭാഷ

**നം.Try/1428/2020/E1**

ട്രഷറി ഡയറക്ടറേറ്റ്
തിരുവനന്തപുരം,
തീയതി: 11/05/2020

പ്രേഷകൻ

ട്രഷറി ഡയറക്ടർ
തിരുവനന്തപുരം

സ്വീകർത്താവ്

എല്ലാ ട്രഷറി ഓഫീസർമാർക്കും

സർ,

വിഷയം: സാമൂഹ്യ സുരക്ഷാ പെൻഷനോ വെൽഫയർ പെൻഷനോ ലഭിക്കാത്ത BPL / PHH കുടുംബത്തിനും സാമ്പത്തിക സഹായം നൽകുന്നതുമായി ബന്ധപ്പെട്ട 14 ജില്ലാ സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർമാരുടെ പേരിൽ ട്രഷറി കളിൽ ഒരു പലിശ രഹിത STSB അക്കൗണ്ട് തുടങ്ങുന്നത് – സംബന്ധിച്ച്.

സൂചന : 1. G.O.(Rt)2978/2020/Fin dt 08.05.2020

സൂചനയിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. സാമൂഹ്യ സുരക്ഷാ പെൻഷനോ വെൽഫയർ പെൻഷനോ ലഭിക്കാത്ത ഓരോ BPL / PHH അന്ത്യോദയ അന്നയോജന കുടുംബത്തിനും സാമ്പത്തിക സഹായം നൽകുന്നതുമായി ബന്ധപ്പെട്ട 14 ജില്ലാ സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർമാരുടെ പേരിലും ട്രഷറികളിൽ ഒരു പലിശ രഹിത STSB അക്കൗണ്ട് തുടങ്ങുന്നതിന് അനുമതി നൽകി സർക്കാർ സൂചനാ പ്രകാരം ഉത്തരവായിരിക്കുന്നു .

ഈ സാഹചര്യത്തിൽ ജില്ലാ സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർമാരുടെ അപേക്ഷ ലഭ്യമാകുന്നതനുസരിച്ച് അതാത് ട്രഷറികളിൽ പലിശ രഹിത STSB അക്കൗണ്ട് തുടങ്ങുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. ഇപ്രകാരം തുടങ്ങുന്ന അക്കൗണ്ടുകളിൽ നിന്നും തുക ക്യാഷായും പിൻവലിക്കാവുന്നതാണ്. മേൽ അക്കൗണ്ടുകളിൽ നിന്നുള്ള ഇടപാടുകളെ നിലവിലെ ട്രഷറി നിയന്ത്രണത്തിൽനിന്നും ഒഴിവാക്കിയിട്ടുണ്ട്. പ്രസ്തുത അക്കൗണ്ടുകൾ 30.06.2020–നു മുൻപ് അല്ലെങ്കിൽ വിതരണം പൂർത്തിയാകുന്ന മുറയ്ക്ക് ക്ലോസ് ചെയ്തിട്ടുണ്ടെന്നും ട്രഷറി ഓഫീസർമാർ ഉറപ്പുവരുത്തേണ്ടതാണ്.

വിശ്വസ്തതയോടെ
വി.സാജൻ
ജോയിന്റ് ഡയറക്ടർ
ട്രഷറി ഡയറക്ടർക്കു വേണ്ടി

||അംഗീകാരത്തോടുകൂടി||

|| സീനിയർ സൂപ്രണ്ട് ||

Directorate of Treasuries, Krishna Building, TC.No.28/629, Thycaud.PO, Thiruvananthapuram Pin. 695 014. Ph. 0471-2322533, Fax.No.0471-2324229, Mail. id. keralatreasury@gmail.com website: treasury.kerala.gov.in

Scanned with CamScanner

2/e No E1-1428/2020

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

ധനകാര്യ വകുപ്പ്- കോവിഡ് - 19 ന്റെ പശ്ചാത്തലത്തിൽ പ്രഖ്യാപിച്ച സാമ്പത്തിക പാക്കേജ് പ്രകാരം സാമൂഹ്യ സുരക്ഷാപെൻഷനോ വെൽഫയർ ഫണ്ട് പെൻഷനോ ലഭിക്കാത്ത ഓരോ BPL(PHH), അന്ത്യോദയ അന്നയോജന കുടുംബത്തിനും സാമ്പത്തിക സഹായം നൽകുന്നതുമായി ബന്ധപ്പെട്ട്, 14 ജില്ലാ സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർമാരുടെ പേരിലും ബന്ധപ്പെട്ട ട്രഷറികളിൽ ഒരു പലിശ രഹിത എസ് ടി എസ് ബി അക്കൗണ്ട് തുടങ്ങുന്നതിനുള്ള അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു

ധനകാര്യ (സ്ട്രീംലൈനിംഗ്)

വകുപ്പ്

**സ.ഉ.(സാധാ) നം.2976/2020/ധന.** തീയതി, തിരുവനന്തപുരം, 08/05/2020

പരാമർശം:- 1 സ ഉ (സാധാ) നം 2947/2020/ധന തീയതി 05.05.2020

2 ഫയൽ നം അഗ്രി -സി 2/19/2020/ധന - കമ്പ്യൂട്ടർ നം 1487807

**ഉത്തരവ്**

സൂചന 1 ലെ ഉത്തരവ് പ്രകാരം, കോവിഡ് - 19 ന്റെ പശ്ചാത്തലത്തിൽ പ്രഖ്യാപിച്ച സാമ്പത്തിക പാക്കേജനുസരിച്ച് സാമൂഹ്യ സുരക്ഷാപെൻഷനോ വെൽഫയർ ഫണ്ട് പെൻഷനോ ലഭിക്കാത്ത ഓരോ BPL(PHH), അന്ത്യോദയ അന്നയോജന കുടുംബത്തിനും സാമ്പത്തിക സഹായം നൽകുന്നതുമായി ബന്ധപ്പെട്ട് 14 ജില്ലാ സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർമാരുടെ പേരിലും ബന്ധപ്പെട്ട ട്രഷറികളിൽ ഒരു പലിശ രഹിത എസ് ടി എസ് ബി അക്കൗണ്ട് തുടങ്ങുന്നതിനുള്ള അനുമതി നൽകണമെന്ന് സൂചന 2 പ്രകാരം ആവശ്യ പ്പെട്ടിരിക്കുന്നു

2.സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ യടിസ്ഥാനത്തിൽകോവിഡ് - 19 ന്റെ പശ്ചാത്തലത്തിൽ പ്രഖ്യാപിച്ച സാമ്പത്തിക പാക്കേജ് പ്രകാരം സാമൂഹ്യ സുരക്ഷാപെൻഷനോ വെൽഫയർ ഫണ്ട് പെൻഷനോ ലഭിക്കാത്ത ഓരോ BPL(PHH), അന്ത്യോദയ അന്നയോജന കുടുംബത്തിനും സാമ്പത്തിക സഹായം നൽകുന്നതുമായി ബന്ധപ്പെട്ട്, 30.0.06.2020 നു മുൻപ് അല്ലെങ്കിൽ വിതരണം പൂർത്തിയായാലുടൻ ക്ലോസ് ചെയ്യേണ്ടതാണ് എന്ന നിബന്ധനയിൽ, മേൽപ്പറഞ്ഞ ആവശ്യത്തിന് മാത്രമായി, 14 ജില്ലാ സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർമാരുടെ പേരിലും ബന്ധപ്പെട്ട ട്രഷറികളിൽ ഓരോ പലിശ രഹിത എസ് ടി എസ് ബി അക്കൗണ്ട് തുടങ്ങുന്നതിനുള്ള അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**സുരേഷ് കുമാർ.ഒ.ബി**

**ഡെപ്യൂട്ടിസെക്രട്ടറി**

പകർപ്പ്

Scanned with CamScanner